ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10-05-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സൗരോർജ ഉൽപ്പാദനരംഗത്തെ മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; തെലങ്കാനയിൽ 9,400 കോടി രൂപയുടെ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi said India has emerged as one of the leading countries in the field of solar energy production; the Prime Minister launched development projects worth ₹9,400 crore in Telangana.**

2. തമിഴ്നാട്ടിൽ **TVK** അധ്യക്ഷൻ സി ജോസഫ് വിജയ് മുഖ്യമന്ത്രിയായി അധികാരമേറ്റു; കേരളാ മുഖ്യമന്ത്രിയെ പ്രഖ്യാപിക്കുന്നതിൽ അനിശ്ചിതത്വം തുടരുന്നു.

   **In Tamil Nadu, TVK president C. Joseph Vijay assumed office as Chief Minister; uncertainty continues over the announcement of the Chief Minister in Kerala.**

3. അസം മുഖ്യമന്ത്രിയായി ഹിമന്ത ബിശ്വ ശർമ ചൊവ്വാഴ്ച സത്യപ്രതിജ്ഞ ചെയ്യും; പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി ബുധനാഴ്ച ചുമതലയേൽക്കും.

   **Himanta Biswa Sarma will be sworn in as Chief Minister of Assam on Tuesday; N. Rangasamy will assume office as Chief Minister of Puducherry on Wednesday.**

4. **പ്രകൃതിദുരന്തങ്ങൾ നേരിടാനുള്ള രാജ്യത്തിന്റെ തയ്യാറെടുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അവലോകനം ചെയ്തു.**

**Union Home Minister Amit Shah reviewed the country's preparedness to tackle natural disasters.**

5. **കേരളത്തിൽ വ്യാഴാഴ്ച വരെ കനത്ത മഴ തുടരും; ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ അടുത്ത അഞ്ച് ദിവസം മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rainfall is likely to continue in Kerala till Thursday; yellow alert issued in seven districts; fishing has been banned along the Kerala–Lakshadweep coast for the next five days.**

6. **ISL ഫുട്ബോളിൽ മൊഹമ്മദൻ എസ്സിക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിനു ജയം.**

**Kerala Blasters FC registered a victory against Mohammedan SC in the ISL football tournament.**

**&&&&&&&&&&&&&&&&&&&**

## PM-HYDERABAD- INTRO

സൗരോർജ്ജ ഉൽപ്പാദനത്തിൽ ഇന്ത്യ മുൻനിര രാജ്യങ്ങളിലൊന്നായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തെലങ്കാനയിൽ 9,400 കോടി രൂപയുടെ അടിസ്ഥാനസൗകര്യ, വ്യാവസായിക പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇറക്കുമതി ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾ നിയന്ത്രിത അളവിൽ മാത്രം ഉപയോഗിക്കണമെന്നും, പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പ്രതികൂല ആഘാതം കുറയ്ക്കാൻ ഇത് സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്...)

**&&&&&&&&&&&&&&&&&&&**

## PM GUJRAT - KARNATAKA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്ത് സന്ദർശിക്കും. പുതുക്കിപ്പണിത സോമനാഥ ക്ഷേത്രം ഉദ്ഘാടനം ചെയ്ത് 75 വർഷം പൂർത്തിയാകുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സോമനാഥ അമൃത മഹോത്സവത്തിൽ ശ്രീ മോദി പങ്കെടുക്കും. വഡോദരയിലെ സർദാർധാം ഹോസ്റ്റലും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## TN - SWEARING-IN

തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ സി ജോസഫ് വിജയ് തമിഴ്നാട് മുഖ്യമന്ത്രിയായി ചുമതലയേറ്റു. പുതിയ മുഖ്യമന്ത്രിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. സത്യപ്രതിജ്ഞയ്ക്കു ശേഷം മുഖ്യമന്ത്രി ഓഫീസിലെത്തിയ ശ്രീ വിജയ്, ഓരോ കുടുംബത്തിനും 200 യൂണിറ്റ് സൗജന്യ വൈദ്യുതി, സ്ത്രീ സുരക്ഷയ്ക്കായി പ്രത്യേക സേന, ലഹരിക്കടത്തിനെതിരെ പ്രത്യേക യൂണിറ്റ് തുടങ്ങിയ ഫയലുകളിൽ ഒപ്പുവച്ചു. ഷോളവന്ദൻ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കറുപ്പയ്യയെ പ്രോ ടേം സ്പീക്കറായി നിയമിച്ചു.

&&&&&&&&&&&&&&&&&&&

## DISSANAYAKE - VIJAY

ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകേ, വിജയ്ക്ക് ആശംസകൾ നേർന്നു. ചരിത്രം, സംസ്കാരം, സംരംഭകത്വം, തലമുറകളിലൂടെ നിലനിൽക്കുന്ന ജനങ്ങൾ തമ്മിലുള്ള ഐക്യം എന്നിവയിലൂടെ ശ്രീലങ്കയും തമിഴ്നാടും തമ്മിലുള്ള ബന്ധം ശക്തമാണെന്ന് ശ്രീ ദിസനായകേ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

## KERALA CM

കേരളത്തിൽ മുഖ്യമന്ത്രി ആരെന്നതു സംബന്ധിച്ച പ്രഖ്യാപനത്തിൽ അനിശ്ചിതത്വം തുടരുന്നു. പുതിയ മുഖ്യമന്ത്രിയുടെ കാര്യത്തിൽ

അന്തിമ തീരുമാനം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും മുതിർന്ന നേതാവ് രാഹുൽ ഗാന്ധിയും കൈക്കൊള്ളുമെന്ന് പാർട്ടി അറിയിച്ചു.

**&&&&&&&&&&&&&&&&&&&**

## ASSAM ELECTED LEADER

അസമിൽ, ബിജെപിയുടെയും എൻ.ഡി.എ യുടെയും നിയമസഭാ കക്ഷി നേതാവായി ഹിമന്ത ബിശ്വ ശർമ്മയെ തിരഞ്ഞെടുത്തു. ചൊവ്വാഴ്ച ഗുവാഹാട്ടിയിലെ ഖാനാപാര വെറ്ററിനറി കോളേജ് മൈതാനത്ത്, അസം മുഖ്യമന്ത്രിയായി അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യും.

**&&&&&&&&&&&&&&&&&&&**

## PREZ - RANGASAMY

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്യും. AINRC – യുടെ നേതൃത്വത്തിലുള്ള എൻ ഡി എ സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയതിനെത്തുടർന്നാണ് അഞ്ചാം തവണയും ശ്രീ. രംഗസാമി അധികാരത്തിലേറുന്നത്.

**&&&&&&&&&&&&&&&&&&&**

## HM-REVIEW MEETING

പ്രകൃതി ദുരന്തങ്ങൾ നേരിടാനുള്ള രാജ്യത്തിന്റെ തയ്യാറെടുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അവലോകനം ചെയ്തു. ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗത്തിൽ, വെള്ളപ്പൊക്കവും ഉഷ്ണതരംഗ സാഹചര്യവും ഉൾപ്പടെ നേരിടുന്നതിൽ കേന്ദ്ര സർക്കാർ ഏജൻസികളുടെ സന്നദ്ധത അദ്ദേഹം വിലയിരുത്തി.

**&&&&&&&&&&&&&&&&&&&**

## UP CABINET EXPANSION

ഉത്തർപ്രദേശിൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ വിപുലീകരിച്ചു. ബിജെപിയിൽ നിന്നുള്ള ആറു പേർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. രണ്ടു സഹമന്ത്രിമാർക്ക് സ്ഥാനക്കയറ്റവും സ്വതന്ത്ര ചുമതലയും നൽകി. ഇതോടെ, 403 അംഗ യുപി നിയമസഭയിലെ മന്ത്രിമാരുടെ എണ്ണം 60 ആയി.

&&&&&&&&&&&&&&&&&&&

## RUSSIA-UKRAINE CONFLICT

അമേരിക്കൻ മധ്യസ്ഥതയിൽ നിലവിൽ വന്ന വെടിനിർത്തൽ കരാർ യുക്രെൻ ലംഘിച്ചതായി റഷ്യ. റഷ്യൻ നിയന്ത്രണത്തിലുള്ള കെർസൺ മേഖലയിൽ യുക്രേനിയൻ ഷെല്ലാക്രമണത്തിൽ രണ്ട് പേർക്ക് പരിക്കേറ്റതായി റഷ്യൻ ഉദ്യോഗസ്ഥർ പറഞ്ഞു. അതേസമയം കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ റഷ്യൻ ആക്രമണങ്ങളിൽ ഒരാൾ കൊല്ലപ്പെട്ടുവെന്ന് യുക്രെനും അറിയിച്ചു.

&&&&&&&&&&&&&&&&&&&

## US QATAR MEET

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാനുള്ള ചർച്ചകളുടെ പശ്ചാത്തലത്തിൽ, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫും ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽ-താനിയുമായി കൂടിക്കാഴ്ച നടത്തി. ഇന്നലെ മിയാമിയിൽ നടന്ന കൂടിക്കാഴ്ചയിൽ ഇറാനുമായി കരാറിലെത്താനുള്ള ശ്രമങ്ങളെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&

## AIR DRAMA FEST

ആകാശവാണിയുടെ അഖില കേരള റേഡിയോ നാടകോത്സവത്തിന് ഇന്ന് തുടക്കമാകും. കേരളത്തിലെ എല്ലാ

ആകാശവാണി നിലയങ്ങളിലൂടെയും 'News On Air' ആപ്പിലൂടെയും ശ്രോതാക്കൾക്ക് നാടകങ്ങൾ ആസ്വദിക്കാം. രാത്രി 9.30-നാണ് നാടകങ്ങൾ പ്രക്ഷേപണം ചെയ്യുന്നത്. പുനഃപ്രക്ഷേപണം അടുത്ത ദിവസം ഉച്ചയ്ക്ക് ഒന്നിനാണ്. ഒമ്പതു ദിവസം നീളുന്ന ഈ ശ്രവ്യവിരുന്നിൽ മലയാളത്തിന്റെ പ്രിയ നടൻ മോഹൻലാലും ഭാഗമാകും.

&&&&&&&&&&&&&&&&&&&

## AIR- CHEMBAI

ആകാശവാണി 90-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി, തിരുവനന്തപുരം നിലയം, ശ്രീ ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിൻറെ സഹകരണത്തോടെ സംഗീതകച്ചേരി സംഘടിപ്പിക്കും. ഈ മാസം 12 ന്, ശ്രീവരാഹം ചെമ്പൈ സ്മാരക ഹാളിലാണു പരിപാടി.

&&&&&&&&&&&&&&&&&&&

## INTERNATIONAL MOTHER'S DAY

ഇന്ന് അന്താരാഷ്ട്ര മാതൃ ദിനം. എല്ലാ വർഷവും മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് അന്താരാഷ്ട്ര മാതൃ ദിനമായി ആചരിക്കുന്നത്. കുട്ടികളുടെ ക്ഷേമത്തിനായി ഉറക്കമില്ലാത്ത രാത്രികളും, കഠിനാധ്വാനം ചെയ്യുന്ന പകലുകളും നീക്കിവയ്ക്കുന്ന എല്ലാ അമ്മമാരെയും ആദരിക്കുന്നതിനു ദിനാചരണം ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&&

## MIZORAM-AWARD

2025 ലെ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരത്തിലെ "സംശുദ്ധ-ഹരിത പഞ്ചായത്ത്" വിഭാഗത്തിൽ മിസോറമിലെ കവൃത്ത നോർത്ത് വില്ലേജ് കൗൺസിൽ, ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടി. സുസ്ഥിര ഗ്രാമവികസനത്തിലും

പരിസ്ഥിതി സംരക്ഷണത്തിലും നടത്തിയ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.

**&&&&&&&&&&&&&&&&&&&**

## PANCHAYAT AWARD- PTA- INTRO

രാജ്യത്താകെ 42 പഞ്ചായത്തുകളെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. കേരളത്തിൽ നിന്നും നാല് പഞ്ചായത്തുകൾക്ക് അംഗീകാരം ലഭിച്ചു. പത്തനംതിട്ട ജില്ലയിലെ നിരണവും പുരസ്കാരത്തിന് അർഹമായി.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

**&&&&&&&&&&&&&&&&&&&**

## IMD KERALA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&&**

## ISL

ഐഎസ്എൽ ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സിനു ജയം. മുഹമ്മദൻ എസ്.സി-യെ ഒന്നിനെതിരെ മൂന്നു ഗോളിനാണ് ബ്ലാസ്റ്റേഴ്സ് പരാജയപ്പെടുത്തിയത്.

**&&&&&&&&&&&&&&&&&&&**

## MP-CHEETAH

മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, രണ്ട് ചീറ്റപ്പുലികളെ കൂടി നാളെ കുനോ ദേശീയോദ്യാനത്തിൽ കാട്ടിലേക്ക് തുറന്നുവിടും. നമീബിയയിൽ നിന്ന് കുനോ ദേശീയോദ്യാനത്തിലേക്ക് എട്ട് ചീറ്റകളെ എത്തിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി 2022 സെപ്റ്റംബറിലാണ് "പ്രൊജക്റ്റ് ചീറ്റ" ഉദ്ഘാടനം ചെയ്തത്. 2023-ൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് 12 ചീറ്റകളെയും ഈ വർഷം ഫെബ്രുവരിയിൽ ബോട്സ്വാനയിൽ നിന്ന് ഒമ്പത് ചീറ്റകളെയും എത്തിച്ചിരുന്നു.

**&&&&&&&&&&&&&&&&&&&&**

## PUNJAB ED CUSTODY

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത പഞ്ചാബ് വ്യവസായ മന്ത്രി സഞ്ജീവ് അറോറയെ 7 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഗുരുഗ്രാമിലെ പ്രത്യേക PMLA കോടതിയാണ് റിമാൻഡ് അനുവദിച്ചത്. GST ഇടപാടുകളിൽ 100 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടത്തിയെന്ന കേസിൽ ചണ്ഡീഗഢിൽ ഇന്നലെയാണ് സഞ്ജീവ് അറോറയെ അറസ്റ്റ് ചെയ്തത്.

**&&&&&&&&&&&&&&&&&&&&**

## LAKSHADWEEP- ISRO

ISRO-യുടെ പ്രത്യേക ക്ഷണപ്രകാരം ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ്റെ ആഭിമുഖ്യത്തിൽ ആദ്യമായി ദ്വീപിലെ വിദ്യാർത്ഥികൾക്കായി ശ്രീഹരിക്കോട്ടയിലേക്ക് ശാസ്ത്ര പഠനയാത്ര സംഘടിപ്പിച്ചു. ലക്ഷദ്വീപ് ശാസ്ത്ര-സാങ്കേതിക വകുപ്പ്, ലക്ഷദ്വീപ് ആസ്ട്രോണമി ക്ലബ്ബുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

**&&&&&&&&&&&&&&&&&&&&**

## EDUCATION - SUMMER CAMP

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം, രാജ്യത്തുടനീളമുള്ള എല്ലാ സ്കൂളുകളിലും വേനലവധിക്കാലത്ത് 'ഭാരതീയ ഭാഷാ സമ്മർ ക്യാമ്പ്' സംഘടിപ്പിക്കും. ഒരാഴ്ച നീളുന്ന ക്യാമ്പിൽ, വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്തൽ, പദാവലി നിർമ്മാണം, ദൈനംദിന സംഭാഷണങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ അടിസ്ഥാന ആശയവിനിമയ കഴിവുകൾ പഠിക്കാൻ അവസരം നൽകുമെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&